(ബി) വനം വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യ വനവൽക്കരണ പദ്ധതികൾക്കായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ 116.35 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു.

(സി) മെച്ചപ്പെട്ട വൃക്ഷത്തൈകൾ പൊതുജനങ്ങൾക്ക് സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിനായി 2007 മുതൽ 2010 വരെ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ താഴെ വിവരിക്കുന്നു :

വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പിലാക്കിയ എന്റെ മരം പദ്ധതി പ്രകാരം 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് 2007 മുതൽ 2010 വരെ 77.97 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു.

പ്ലസ് ടു മുതൽ കോളേജ്തലം വരെയുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിലാക്കിയ നമ്മുടെ മരം പദ്ധതിപ്രകാരം 2008 മുതൽ 2010 വരെ 16 ലക്ഷം തൈകൾ വിതരണം ചെയ്തു.

വനം വകുപ്പും തദ്ദേശ സ്വയംഭരണവകുപ്പും ചേർന്ന് ഹരിതകേരളം ഒന്നാംഘട്ടം പദ്ധതിപ്രകാരം സർക്കാർ തരിശുഭൂമിയിൽ തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ആരംഭിച്ചു. 31.4 ലക്ഷം വൃക്ഷത്തൈകൾ 2009-ൽ വിതരണം ചെയ്തു. ഹരിത കേരളം രണ്ടാംഘട്ടം പദ്ധതിപ്രകാരം 2010-ൽ എന്റെ മരം, നമ്മുടെ മരം, പഞ്ചായത്തുകൾ വഴിയുള്ള വിതരണം, മറ്റുപൊതുജനങ്ങൾക്കുള്ള വിതരണം എന്നീ ഘടകങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കുടക്കീഴിൽ നടപ്പിലാക്കി. രണ്ടാം ഘട്ട പദ്ധതിപ്രകാരം 79.5 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു.

(ഡി) കുമ്പിൾ, കൂവളം, അശോകത്തിച്ചീര, അശോകം, നെല്ലി, വേപ്പ്, ചന്ദനം എന്നീ മെച്ചപ്പെട്ട ഔഷധഗുണമുള്ള തൈകൾ ഇപ്പോഴും സോഷ്യൽ ഫോറസ്ട്രിയുടെ കീഴിലുള്ള നഴ്സറികളിൽ നിന്നും വിതരണം ചെയ്യുന്നു. ഗുണനിലവാരമുള്ള ഔഷധ സസ്യത്തൈകൾ വിതരണം ചെയ്യുന്ന പരിപാടി തുടരുന്നതാണ്.

തുടർവിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ

23 (*263) ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) തുടർവിദ്യാഭ്യാസ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) തുടർവിദ്യാഭ്യാസ പദ്ധതിക്ക് കേന്ദ്ര സർക്കാർ സഹായം നൽകുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തുടർവിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമാക്കുന്നതിനായി നിയോഗിച്ചിരുന്ന സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ഇ) സാക്ഷരത നേടുന്നവർക്കുള്ള തുല്യതാപരീക്ഷയുടെ വിശദാംശം നൽകുമോ ;

(എഫ്) സാക്ഷരത കൈവരിക്കുന്നതോടൊപ്പം തൊഴിൽ ലഭ്യതയ്ക്ക് അവസരമൊരുക്കുന്ന പദ്ധതികൾകൂടി ആസൂത്രണം ചെയ്യുമോ ; സാക്ഷരതാ പ്രേരക്മാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) (1) തുടർവിദ്യാഭ്യാസ പദ്ധതി വ്യാപകമാക്കുന്നതിനായി ലീപ് എന്ന ആജീവന വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടിക്ക് തുടക്കം കുറിച്ചു.

(2) പലകാരണങ്ങളാൽ 15 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള യഥാസമയം വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്കായി സംസ്ഥാനമൊട്ടാകെ ഔപചാരിക വിദ്യാഭ്യാസത്തിന് സമാനമായ 4,7,10 ക്ലാസ് തുല്യത വിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(3) കേരളം സമ്പൂർണ്ണ നാലാംതരം തുല്യത നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നടപ്പുസാമ്പത്തികവർഷത്തെ പ്രത്യേക പദ്ധതിയായ 'അതുല്യം' ഒന്നാംഘട്ടം (സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി) പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്ത് 140 നിയോജകമണ്ഡലങ്ങളിലും ഇപ്പോൾ നടന്നുവരുന്നു.

(4) ജീവിതകാലം മുഴുവൻ വിദ്യാഭ്യാസം തുടരാനും, തൊഴിൽ നൈപുണ്യം വികസിപ്പിക്കാനും ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ നേതൃത്വത്തിൽ സമർപ്പിക്കുകയും സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും ചെയ്ത റിപ്പോർട്ട് പ്രായോഗികമാക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാർ നൽകിവന്നിരുന്ന ധനസഹായം 2009 മാർച്ച് 31-ന് നിർത്തലാക്കി.

(സി) ഉണ്ട്. (റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നാലാംതരം തുല്യതയ്ക്കായുള്ള പ്രോജക്ട് റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.)*

(ഡി) പ്രസ്തുത റിപ്പോർട്ടിലെ പ്രസക്ത നിർദ്ദേശങ്ങൾ ചേർത്ത് തുടർ വിദ്യാഭ്യാസത്തിനായുള്ള നയം രൂപീകരിക്കുകയും അതിന്റെ തുടർച്ച എന്ന നിലയിലാണ് ലീപ് മിഷന് രൂപം നൽകിയത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സാക്ഷരത കൈവരിക്കുന്നവർക്ക് സംസ്ഥാനമിഷൻ നടത്തുന്ന ഒന്നാംഘട്ടമായ നാലാംതരം തുല്യതാ കോഴ്സിലേക്കും നാലാംതരം യോഗ്യത നേടുന്നവരെ ഏഴാംതരം തുല്യത കോഴ്സിലേക്കും ഏഴാംതരം തുല്യത നേടുന്നവരെ ഔപചാരിക പത്താം തരത്തിന് സമാനമായ പത്താംതരം തുല്യത കോഴ്സിലേക്കും ചേർന്ന് പഠിച്ച് യോഗ്യത നേടുന്നതിന് അവസരമുണ്ട്.

(എഫ്) ഇതിനായി ജില്ലകളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാക്ഷരതാ പ്രേരക്മാർക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ യാതൊരു സാമ്പത്തിക സഹായമില്ലാഞ്ഞിട്ടും പ്രേരക്മാരുടെ ഓണറേറിയം 2000 രൂപയാക്കിമാറ്റും എന്ന് അടുത്ത വർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.

വ്യവസായ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ

24 (*264) ശ്രീ. വി. ശശികുമാർ :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രവാസികൾക്ക് വ്യവസായ നിക്ഷേപങ്ങൾക്ക് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുമോ ;

(ഡി) പ്രവാസികൾക്കായി കേരളത്തിൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഈ സർക്കാർ വന്നശേഷം വ്യവസായ രംഗത്ത് ഉണ്ടായ പ്രധാന നേട്ടങ്ങൾ വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ&ബി) കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി തീർക്കാനും വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുമായി കെ.എസ്.ഐ.ഡി.സി., കിൻഫ്ര, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിനകത്തും പുറത്തും നിക്ഷേപ സംഗമങ്ങൾ നടത്തുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ വികസനത്തിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്കായി ഇൻഫ്രാസ്ട്രക്ചേഴ്സ് കേരള ലിമിറ്റഡ്

LIBRARY ARCHIVES Kerala Legislative Assembly